കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.9)1731/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ- 680 020

ഫോൺ- 0487 2331249

ഇ മെയിൽ -dotsr.ksad@kerala.gov.in

തിയതി:18.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാ രം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.9)1731/2016 തിയതി: 18.11.2016

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 09.09.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">സി.വൈ.സലിം.<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">22.09.2016 മുതൽ<br>28.09.2016 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>തുളസീദാസ്.വി.ജി.</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ഹണി.കെ.എസ്.</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>വിദ്യ വിക്രമൻ</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
</table>

| | | |
|---|---|---|
| | സുനിൽ പി.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഫെമിന.എ.എ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | അജിത പുഷ്പാകരൻ | 01.04.2015മുതൽ 31.10.2015 വരെ |
| | അഡ്ഹോക്ക് കമ്മിറ്റി | 01.11.2015മുതൽ 18.11.2015 വരെ |
| | കെ.കെ.സതീശൻ | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ജോബ് രാജ്. സി.ജി | 01.04.2015മുതൽ 17.05.2015 വരെ |
| | ഉല്ലാസ് കുമാർ.കെ.ഐ. | 18.05.2015മുതൽ 03.08.2015 വരെ |
| | വി.ആന്റണി | 04.08.2015മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഉല്ലാസ് കുമാർ.കെ.ഐ. | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | മിനി. കെ. | 01.04.2015മുതൽ 07.06.2015 വരെ |
| | എൻ.കെ സരസ്വതി | 08.06.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പാർവതി.ടി.ആർ. | 01.04.2015മുതൽ 03.08.2015 വരെ |
| | ജ്യോതിരാജ്.പി.എസ് | 04.08.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.പ്രിയ പനക്കൽ | 01.04.2015മുതൽ 04.06.2015 വരെ |
| | ഡോ.സന്ദീപ്.ആർ | 05.06.2015മുതൽ 22.06.2015 വരെ |
| | ഡോ.ജിതേഷ്.പി.എം | 23.06.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. കെ.കെ.ജയശ്രീ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.സലീൽ.യു | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. (ചൊവ്വന്നൂർ) | മോഹൻദാസ്.സി.ഐ | 01.04.2015മുതൽ 01.10.2015 വരെ |
| | ഹരി.കെ.എ (ഇൻചാർജ്ജ്) | 02.10.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. (കാണിപ്പയ്യൂർ) | ഹരി.കെ.എ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സഫിയ.എൻ.പി | 01.04.2015മുതൽ 30.12.2015 വരെ |
| | ലിമിലാൽ.ടി.എം | 31.12.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | തെരുവുവിളക്കുകൾ/കുടിവെള്ള ടാപ്പുകൾ | 1-11 |
| 12 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം-2 | |

| | | |
|---|---|---|
| 13 | ടെണ്ടർ ഫോം വില്പന – തുക പഞ്ചായത്തിന് ലഭ്യമായില്ല | 2-1 |
| 14 | വാടക | 2-2 |
| 15 | തൊഴിൽ നികുതി | 2-3 |
| 16 | ഡി & ഒ ലൈസൻസ് | 2-4 |
| 17 | നിലം നികത്തൽ | 2-5 |
| 18 | വസ്തു നികുതി | 2-6 |
| ഭാഗം-3 | | |
| 19 | അഞ്ച് ലക്ഷത്തിനമുകളിലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുത് പഞ്ചായത്തിന് ലാഭകരം | 3-1 |
| 20 | ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെയും ഗുണനിലവാരം ഉറപ്പുവരുത്താതെയും ജൈവവള വിതരണം | 3-2 |
| 21 | ഇ.എം.എസ് ഭവന പദ്ധതി | 3-3 |
| 22 | വി.ഇ.ഒ (ചൊവ്വന്നൂർ) ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാത്ത തുക തിരികെ അടവാക്കാതെ സൂക്ഷിക്കുന്നു. | 3-4 |
| 23 | പ്രൊജക്ട് നം. 133/16 സമഗ്ര കുടിവെള്ള പദ്ധതി | 3-5 |
| 24 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല | 3-6 |
| 25 | ക്ഷേമ പെൻഷനുകൾ- അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല | 3-7 |
| 26 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല | 3-8 |
| 27 | വിനിയോഗ വിവരം-കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല | 3-9 |
| 28 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3-10 |

| | | |
|---|---|---|
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 3-11 |
| | ഭാഗം-4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | അനുബന്ധം-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 02.03.2016ലെ 2(2)-ാം നം തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 62088539 രൂപയും ചെലവ് 59794010 രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 27.07.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2014-15 വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ നാളിതുവരെയുള്ള ആസ്തി, ബാദ്ധ്യത വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന അപാകത തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

2015-16 വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മത്സ്യക്കുളങ്ങൾ ലേലം നടത്തിപ്പിൽ ലഭിച്ച 29000/- രൂപ വാർഷിക കണക്കിൽ വരവായി കാണിച്ചിട്ടില്ല. പകരം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നിക്ഷേപങ്ങളുടെ ശീർഷകത്തിൽ (ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ- B7, ശീർഷകം:340200102) കാണിച്ചിരിക്കുന്നു. ആയത് ഗ്രാമ പഞ്ചായത്തിന്റെ ബാദ്ധ്യതയായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
2) അഡ്വാൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.
3) തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (ഷെഡ്യൂൾ1-6, ഹെഡ് 160100601, ഷെഡ്യൂൾ 1-14(a) 251300801) 3816741/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 3896241/- രൂപയാണ് (വ്യത്യാസം- 79500/-)
4) പഞ്ചായത്തിന്റെ നാളിതുവരെയുള്ള ആസ്തി ബാധ്യതാവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15388823.72 |
| വരവ് | 25806051.00 |
| ആകെ | 41194874.72 |
| ചെലവ് | 37600119.00 |
| നീക്കിയിരിപ്പ് | 3594755.72 |

## 1-5 ഫണ്ട് വിനിയോഗം

ജി.ഒ.(പി) നമ്പർ 119/2015/ ഫിൻ തിയതി 21.3.15, ജി.ഒ.(പി) നമ്പർ 419/2015/ ഫിൻ തിയതി 19.9.15 എന്നീ ഉത്തരവുകൾ പ്രകാരം പബ്ലിക്ക് അക്കൗണ്ടുകൾ നിർത്തലാക്കുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക നേരിട്ട് പിൻവലിക്കുന്ന രീതി നിലവിൽ വരുകയും ചെയ്തു. ഇതനുസരിച്ച് വികസനഫണ്ട് എസ്.സി.പി, വികസനഫണ്ട് ടി.എസ്.പി, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നിവയുടെ ട്രഷറി അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് തുകകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും വികസനഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾക്കായി ചെലവഴിക്കേണ്ടതുമാണ്. ട്രഷറി അക്കൗണ്ടിലുള്ള തുകകൾ പൂർണ്ണമായി ചെലവഴിച്ചതിന് ശേഷമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിക്കാൻ പാടുള്ളൂ.

| ക്രമ നം | ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 2005373 | *10176883 | 12182256 | 7839869 | 4342387** |

| | | | | | | |
|---|---|---|---|---|---|---|
| 2 | വികസനഫണ്ട് എസ്.സി.പി. | 2323579 | 0 | 2323579 | 105000 | 2218579 * |
| 3 | വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| 4 | സംരക്ഷണഗ്രാന്റ് റോഡ് | 770728 | 0 | 770728 | 770728 | 0 |
| 5 | സംരക്ഷണഗ്രാന്റ് നോൺറോഡ് | 1776676 | 0 | 1776676 | 1776676 | 0 |
| 6 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2545134 | 1107746 | 3652880 | 431204 | 3221676 * |
| 7 | പെർഫോമൻസ് ഗ്രാന്റ് | 2424027 | 0 | 2424027 | 87399 | 2336628 * |
| 8 | എം.എൻ.ആർ.ഇ. ജി.എസ്. | | 3898395 | 3898395 | 3896241 | 2154 |
| 9 | ബി ഫണ്ട് | | 7693207 | 7693207 | 7693207 | |

*2,3,6,7 എന്നിവയിലെ നീക്കിയിരിപ്പ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത ഇനം 1ൽ വരവായി ചേർക്കുന്നു + ജില്ലാ പഞ്ചായത്ത് വരവ് 24,00,000

** പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും സർക്കാരിലേക്ക് മുതൽക്കൂട്ടിയ തുക

കൺസോളിഡേറ്റഡ് ഫണ്ട്

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | അലോട്ട്മെന്റിൽ ബാക്കി |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5243000 | 0 | 5243000 |
| വികസനഫണ്ട് എസ്.സി.പി. | 4951579 | 2325718 | 2625861 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 4256000 | 2660249 | 1595751 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1885000 | 1244614 | 640386 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11766537 | 31,73,154 | 8593383 |
| പെർഫോമൻസ് ഗ്രാന്റ് | 2336628 | 1955970 | 380658 |

**1-6പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 28177546 | 82 | 19865581 | 19 | 45 | 56.16% |

<u>ഉപേക്ഷിച്ച പദ്ധതികൾ</u>

1.കാർഷിക ഉപകരണങ്ങൾ (വനിത)

2. കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പിന് മട്ടുപ്പാവിലെ പച്ചക്കറികൃഷിക്ക് ധനസഹായം

3. കേരളോത്സവം

4. അറവുശാലക്ക് സ്ഥലം വാങ്ങൽ

5. സ്ട്രീറ്റ് ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും

6. തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും രണ്ടാം ഘട്ടം

1-7 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2594319 | 2356364 | -237955 | 9.2% |
| നികുതിയേതര വരവുകൾ | 177305 | 523714 | 346409 | +195.37% |
| മറ്റുവരവുകൾ | 5022461 | 624485 | -4397976 | -87.57% |
| ആകെ | 7794085 | 3504563 | 4289522 | -55.04% |

1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33240 | 16 |
| കർഷകത്തൊഴിലാളി | 1197000 | 344 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 2864000 | 736 |
| വാർദ്ധക്യകാല പെൻഷൻ | 2272800 | 726 |
| വികലാംഗ പെൻഷൻ | 781300 | 168 |
| അവിവാഹിത പെൻഷൻ | 447200 | 109 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2453 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാനപ്പെട്ട രജിസ്റ്ററുകളായ ആസ്തി രജിസ്റ്റർ , ഇൻകുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയ എല്ലാ രജിസ്റ്ററുകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. മുൻകൂർ രജിസ്റ്ററിൽ, നിർവ്വഹണ ഏജൻസിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മുൻകൂറുകൾ ക്രമീകരിച്ച് കാണിക്കുന്നില്ല.

## വർക്കിംഗ് ഗ്രൂപ്പ്

18.02.2015ൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗങ്ങളിലെ തീരുമാനങ്ങൾ മിനിട്സിൽ ചേർത്തിട്ടില്ല, മിനിട്സുകൾ പൂർത്തിയാക്കിയിട്ടില്ല.

## ഗ്രാമസഭ

13 വാർഡുകളുള്ള പഞ്ചായത്തിലെ ഓരോ വാർഡിലും 07/15 , 02/16 എന്നീ മാസങ്ങളിലായി രണ്ട് ഗ്രാമസഭകൾ വീതമാണ് ചേർന്നിട്ടുള്ളത്. 15-16 വർഷത്തെ കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 14.02.2015ൽ യോഗം ചേർന്നിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(എ) ഉപവകുപ്പ് ജെ പ്രകാരം സർക്കാരിൽ നിന്നുള്ള പെൻഷൻ, സബ്സിഡി എന്നിവ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭയുടെ ചുമതലയാണ്. എന്നാൽ പെൻഷൻ അപേക്ഷകരുടെ അർഹത ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടുകളെ കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല [കേരള പഞ്ചായത്ത് രാജ് വകുപ്പ്.3(3)]

## 1-11 തെരുവുവിളക്കുകൾ / കുടിവെള്ള ടാപ്പുകൾ

തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2016-20.09.2016 | ആഗസ്റ്റ് - 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2016–04.08.2016 | 2011-12മുതൽ 2015-16വരെ | 07.09.2016 |

# ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
## 2-1 ടെണ്ടർ ഫോം വിൽപന-തുക പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം./പേര് | അടങ്കൽ | ടെണ്ടർ ഫോം വില | തുക |
|---|---|---|---|---|
| 1. | 141/16-ചെമ്മണ്ണൂർ ഗ്രാമം റോഡ് കോൺക്രീറ്റിംഗ് | 8 ലക്ഷം | 1785 | 4x1785=7140 |
| 2. | 30/16-HMC റോഡ് മെറ്റലിംഗ്&ടാറിംഗ് | 630678 | 1365 | 2x1365=2730 |
| 3. | 39/16-പഴുന്നാന സ്കൂൾറോഡ് റീടാറിംഗ് | 735000 | 1575 | 5x1575=7875 |
| 4. | 38/16-ഏട്ടമ്പുറം റോഡ് റീടാറിംഗ് | 735000 | 1575 | 4x1575=6300 |
| 5. | 35/16-പന്തല്ലൂർ കൊട്ടുവായൂർ റോഡ് റീടാറിംഗ് | 515000 | 1155 | 3x1155=3465 |

ആകെ 27510/-

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 വാടക

A ) ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയതിന് വാടക കരാർ ചമച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നല്കിയതായി കാണുന്നു. ആയതിന് ബന്ധപ്പെട്ട കക്ഷികളുമായി ചമച്ച കരാർ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി 28/09/2016-ലെഓഡിറ്റ് എൻക്വയറി നമ്പർ:16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കുകയുണ്ടായില്ല

a)വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിലെ, XII/324 കെട്ടിട നമ്പരിലുള്ള സുജിഷ മനീഷ്, പാറപ്പുറത്ത് വീട്,പന്തല്ലൂർ,ചൊവ്വന്നൂരിന് നല്കിയ കടമുറി.

b) വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിലെ ,XII/323 കെട്ടിട നമ്പരിലുള്ള കുടുംബശ്രീ പലചരക്ക് ,പച്ചക്കറി കട നടത്തുന്ന കടമുറി

c) പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സിൽ XII/318 കെട്ടിട നമ്പരിലുള്ള ചൊവ്വന്നൂർ ബ്രാഞ്ച് പോസ്റ്റോഫീസ് പ്രവർത്തിയ്ക്കുന്ന മുറി
d) സപ്ലൈക്കോ മാവേലി സ്റ്റോർ പ്രവർത്തിയ്ക്കുന്ന ചൊവ്വന്നൂർ പഞ്ചായത്ത് സാംസ്കാരിക നിലയം, കെട്ടിട നമ്പർ:II/303 (പുതിയത് III/65)

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് വാടകകരാർ ചമയ്ക്കുന്നതിന്

അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

B കട മുറികൾ പുനർ ലേലം ചെയ്തിട്ടില്ല, വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

22-07-2014-ന് നടന്ന കടമുറികളുടെ ലേലത്തിൽ താഴെ പറയുന്ന കടമുറികൾ, ലേലം കൊണ്ടവർ കരാർ ചമയ്ക്കാത്തതിനാൽ വാടകയ്ക്ക് നല്കാനായില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നു. പ്രസ്തുത കട മുറികൾ പുനർ ലേലം ചെയ്ത് കൊടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുന്നതിന് 28/09/2016-ലെ ഓഡിറ്റ് എൻക്വയറി നമ്പർ:16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല

a)പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സിൽ XII/319 കെട്ടിട നമ്പരിലുള്ള കടമുറി

b) വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിലെ XII/320 കെട്ടിട നമ്പരിലുള്ള കടമുറി

c) വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിലെ XII/321 കെട്ടിട നമ്പരിലുള്ള കടമുറി

മേൽ പറഞ്ഞ കടമുറികൾ വാടകയ്ക്ക് നല്കാത്തതുമൂലം വാടകയിനത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്ന എന്നതിനു പുറമേ കെട്ടിടം നാശോന്മുഖമാകുന്ന സ്ഥിതികൂടി സംജാതമാകുന്നുണ്ട്, ഇതൊഴിവാക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകേണ്ടതാണ്.

C) ചൊവ്വന്നൂർ ബ്രാഞ്ച് പോസ്റ്റോഫീസ് പ്രവർത്തിയ്ക്കുന്ന മുറിയ്ക്ക് 2015-16 വർഷത്തിൽ വാടക ഈടാക്കിയില്ല

പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സിൽ XII/318 കെട്ടിട നമ്പരിലുള്ള ചൊവ്വന്നൂർ ബ്രാഞ്ച് പോസ്റ്റോഫീസ് പ്രവർത്തിയ്ക്കുന്ന മുറിയ്ക്ക് 2015-16 വർഷത്തിൽ വാടക ഈടാക്കി കാണുന്നില്ല, ആയതിനുള്ള കാരണം അറിയിക്കേണ്ടതും, വാടക ഡിമാന്റ് ചെയ്തുകൊണ്ട് അയച്ച നോട്ടീസിന്റെ ഓഫീസ് പകർപ്പ്, വാടക ഒടുക്കാത്തതിനാൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുന്നതിന് 28/09/2016-ലെ ഓഡിറ്റ് എൻക്വയറി നമ്പർ:16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത കെട്ടിടത്തിന് അവസാനമായി 30-03-2015ലാണ് വാടകയൊടുക്കിയിട്ടുള്ളത്. ഈ ഇനത്തിൽ 2015-16 വർഷത്തിൽ ₹3000/- പിരിച്ചെടുക്കുന്നതിനായിട്ടുണ്ട് ആയതിന് അടിയന്തിര നടപടിയുണ്ടാകേണ്ടതാണ്.

D) കുടുംബശ്രീ യൂണിറ്റ് പലചരക്ക്, പച്ചക്കറി കട നടത്തുന്ന കട മുറിയ്ക്ക് വാടകയീടാക്കുന്നില്ല

വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിലെ XII/323 കെട്ടിട നമ്പരിലുള്ള കടമുറിയിൽ കുടുംബശ്രീ യൂണിറ്റ് പലചരക്ക്, പച്ചക്കറി കട നടത്തുന്നതായി കാണുന്നു. കടമുറിയ്ക്ക് 2015-16 വർഷത്തിൽ വാടക ഈടാക്കി കാണുന്നില്ല, ആയതിനുള്ള കാരണം അറിയിക്കുന്നതിന് 28/09/2016-ലെ ഓഡിറ്റ് എൻക്വയറി നമ്പർ:16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. മാത്രമല്ല കുടുംബശ്രീ യൂണിറ്റുമായി ഇതുസംബന്ധിച്ച് യാതൊരു കരാറിലും ഏർപ്പെട്ടതായും കാണുന്നില്ല. ഈ കടമുറിയുടെ തൊട്ടടുത്ത മുറിയ്ക്ക് പ്രതിമാസം ₹5100/- നിരക്കിൽ വാടകയീടാക്കിവരുന്നുമുണ്ട്. ആയതിനാൽ ന്യായമായ വാടക, കുടിശ്ശിക സഹിതം കുടുംബശ്രീ യൂണിറ്റിൽ നിന്നും ഈടാക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകേണ്ടതാണ്.

## 2-3 തൊഴിൽ നികുതി

A) ചൊവ്വന്നൂർ പോസ്റ്റാഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, തൊഴിൽ നികുതി

ഈടാക്കേണ്ട സ്ഥാപനങ്ങളുടെ പട്ടികയിൽ, ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്ന ചൊവ്വന്നൂർ പോസ്റ്റാഫീസ് ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത രജിസ്റ്ററിൽ 2015-16 വർഷത്തിൽ ചൊവ്വന്നൂർ പോസ്റ്റാഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിലുള്ള വിശദീകരണം അറിയിക്കേണ്ടതാണ്. 2015-16 വർഷത്തിൽ ചൊവ്വന്നൂർ പോസ്റ്റാഫീസിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തുകൊണ്ട് അയച്ച നോട്ടീസിന്റെ ഓഫീസ് പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായും, തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള കാരണം ആരാഞ്ഞുംകൊണ്ടും നല്കിയ 26-09-2016 തിയ്യതിയിലെ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിക്കുകയുണ്ടായില്ല. പിരിച്ചെടുക്കാത്ത തൊഴിൽ നികുതി, കുടിശികയായി രേഖപ്പെടുത്തിയ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയോ, വാർഷിക കണക്കിൽ ഈ ഇനത്തിൽ കുടിശിക ഉള്ളതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആകയാൽ ഈ തുക പഞ്ചായത്തിന് വരവിനത്തിൽ സംഭവിച്ച നഷ്ടമായി കാണാവുന്നതും, പഞ്ചായത്തിന് നേരിട്ട നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

B) കല്യാണമണ്ഡപങ്ങൾ/ഓഡിറ്റോറിയങ്ങൾ, റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന കല്യാണമണ്ഡപങ്ങളിൽ/ഓഡിറ്റോറിയത്തിൽ നിന്നും, റേഷൻ ഡീലർമാരിൽ നിന്നും, ഗ്രാമ പഞ്ചായത്തിൻെറ മരാമത്തുപണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും, ഓഡിറ്റ് വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്.

ഗ്രാമപഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ ജോലി ചെയ്യുന്ന, തൊഴിൽ നികുതി അടവാക്കാൻ നിയമാനുസൃതം ബാദ്ധ്യസ്ഥരായവരിൽനിന്നെല്ലാം നികുതി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 2-4 D&O ലൈസൻസ്

A) ചൊവ്വന്നൂർ പഞ്ചായത്ത് ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ചൊവ്വന്നൂർ പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ വ്യാപാരം/വ്യവസായം നടത്തിവരുന്നവരുടെ പേരു വിവരം ഉൾപ്പെട്ട ടെയ്ഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 26-09-2016-ന് എൻക്വയറി നമ്പർ:2 നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. ടെയ്ഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഡി & ഒ ലൈസൻസ് പിരിവിന്റെ ആധികാരികത പരിശോധിച്ചുറപ്പുവരുത്തുവാൻ ഓഡിറ്റിന് കഴിഞ്ഞില്ല. ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, അതിൽ ഉൾപ്പെട്ട എല്ലാവരെക്കൊണ്ടും ലൈസൻസ് എടുപ്പിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

B) സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല

10-01-2013-ലെ 66562/RC3/12/LSGD നമ്പർ സർക്കുലർ പ്രകാരം ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിയ്ക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നിർബന്ധമായും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷക്കൊപ്പം ഇല്ലാത്തതാണ്.

| ക്രമ നം. | ഡി&ഒ ലൈസൻസ് | ലൈസൻസ് ഉടമയുടെ പേരു വിവരം | കെട്ടിട | ഏതാവശ്യത്തിനായി ലൈസൻസ് |
|---|---|---|---|---|

| | രജിസ്റ്ററിലുള്ള ക്രമ നം. | | നമ്പർ | അനുവദിച്ച |
|---|---|---|---|---|
| 1 | 1 | സി.സി.ആന്റണി, ചെറുവത്തൂർ (H) തൃശ്ശൂർ റോഡ്, കുന്നംകുളം | IX / 327 | 36 HP മോട്ടോർ ഉപയോഗിച്ച് സോ-മിൽ നടത്തുന്നതിന് |
| 2 | 2 | സാബു.സി.ഓ. S/o. ഔസേപ്പുണ്ണി, ചീരൻ (H), ഇയ്യാൽ | III/ 360A | കേറ്ററിംഗ് സർവ്വീസ് |
| 3 | 10 | ടി.ടി. സാമുവൽ, തരകൻ (H), എട്ടുംപുറം, ചൊവ്വന്നൂർ | II/ 177 | 131/4 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ, ഫ്ലവർ മിൽ നടത്തുന്നതിന് |
| 4 | 15 | പൊറിഞ്ചു, ചിറ്റിലപ്പിള്ളി(H), ചെമ്മനാട് | VII/47 | 10 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ, ഫ്ലവർ മിൽ നടത്തുന്നതിന് |
| 5 | 23 | പി.സി.കൊച്ചുണ്ണി, S/o.ചേറുണ്ണി, പനയ്ക്കൽ (H), കാണിപ്പയ്യൂർ | X/52 | പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിന് |
| 6 | 28 | സുഹ്റ, W/o.ഹനീഫ, കറുപ്പം വീട്ടിൽ, ചൂണ്ടൽ | X/ 300B | 15 HP മോട്ടോർ ഉപയോഗിച്ച് ഇരുമ്പ്, സ്റ്റീൽ, അലുമിനിയം, മരം ഗൃഹോപകരണങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിന് |
| 7 | 31 | മുഹമ്മദ്, വട്ടംപറമ്പിൽ, വെള്ളിത്തിരുത്തി | V/127 | 10 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ, ഫ്ലവർ മിൽ നടത്തുന്നതിന് |
| 8 | 34 | വിശ്വംഭരൻ, ചെമ്മംപറമ്പിൽ, ചൊവ്വന്നൂർ | II/82 | ചായക്കട നടത്തുന്നതിന് |
| 9 | 38 | M.K. സുഭാഷ്, മുതിരംപറമ്പിൽ, കാണിപ്പയ്യൂർ | X/94 | ചായക്കട നടത്തുന്നതിന് |
| 10 | 42 | E.K. രവീന്ദ്രൻ, ഇടവന(H) കാണിപ്പയ്യൂർ | XI/ | ചായക്കട നടത്തുന്നതിന് |

| | | | | |
|---|---|---|---|---|
| | | | 268 | |
| 11 | 57 | M.A. മുഹമ്മദ്, മടപ്പാട്ടുപറമ്പിൽ, വെള്ളിത്തിരുത്തി | V/ 107 | ഉണക്ക മത്സ്യം സ്റ്റോക്ക് ചെയ്ത് വില്പനയ്ക്ക് |
| 12 | 63 | M.V.ചിന്നൻ, മേക്കാട്ടുകുളം (H) ചൊവ്വന്നൂർ | II/ 155 | സോഡാ നിർമ്മാണം |
| 13 | 70 | V.R. വാസുദേവൻ നമ്പൂതിരി, വെൺമരത്തൂർ മന, മരത്തംകോട് | III/83 | 50H.P.മോട്ടോർ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മാണം,വില്പന |
| 14 | 71 | V.R. വാസുദേവൻ നമ്പൂതിരി, വെൺമരത്തൂർ മന, മരത്തംകോട് | III/82 | 25H.P.മോട്ടോർ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മാണം,വില്പന |
| 15 | 72 | ഷിനി.ഇ.എൻ., ഏറത്ത് (H), കക്കാട് | XII/ 165 | സോഡാ നിർമ്മാണം |
| 16 | 94 | മുഹമ്മദ്, S/o.ഏന്തുക്കുട്ടി,പഴുന്നാന മടപ്പാട്ടു പറമ്പിൽ | V/ 244 | 10 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ, ഫ്ലവർ മിൽ നടത്തുന്നതിന് |
| 17 | 131 | നിജി, തിരുത്തിയിൽ (H) | X/84 | ഫ്ലവർ മിൽ നടത്തുന്നതിന് |
| 18 | 138 | P.V.ജോർജ്ജ്, പുലിക്കോട്ടിൽ (H) ഇയ്യാൽ, കേച്ചേരി. | | പ്ലാസ്റ്റിക് ചീർപ്പ് നിർമ്മാണം |

ഭക്ഷണ പദാർത്ഥങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ നിർദ്ദേശം നടപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

C) Belated Fee ഈടാക്കിയില്ല

ശ്രീ. മുഹമ്മദ്, S/o.ഏന്തുക്കുട്ടി,പഴുന്നാന എന്നവർ V/244 നമ്പർ കെട്ടിടത്തിൽ 10 HP മോട്ടോർ ഉപയോഗിച്ച് റൈസ് മില്ല്, ഫ്ലവർ മിൽ നടത്തുന്നതിന്, 12-05-2015 തിയ്യതിയിൽ രശീതി നമ്പർ:11503100252 പ്രകാരം ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ ടിയാനിൽ നിന്നും 1996 കേ.പ.രാ.(D&Oലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 22 പ്രകാരമുള്ള Belated Fee ഈടാക്കിയിട്ടില്ലാത്തതാണ്. ആയതുമൂലം പഞ്ചായത്തിന് നേരിട്ട നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതും, ഇത്തരം അപാകതകൾ തുടർന്ന് ഉണ്ടാകാതിരിയ്ക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതുമാണ്.

D) തടി മില്ലുകൾക്കും മരാധിഷ്ഠിത വ്യവസായങ്ങൾക്കും D&O ലൈസൻസ് അനുവദിച്ചപ്പോൾ അപേക്ഷയോടൊപ്പം വനം വകുപ്പിന്റെ ലൈസൻസ് വാങ്ങി സൂക്ഷിച്ചില്ല

കേരള വനം (തടി മില്ലുകൾക്കും മരാധിഷ്ഠിത വ്യവസായങ്ങൾക്കും നിയന്ത്രണം) ചട്ടങ്ങൾ 2012, ചട്ടം 2 പ്രകാരം, തടി മില്ലുകൾക്കും മരാധിഷ്ഠിത വ്യവസായങ്ങൾക്കും വനം വകുപ്പിന്റെ ലൈസൻസ് നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന തടി മില്ലുകൾക്കും, മരാധിഷ്ഠിത വ്യവസായത്തിനും D&O ലൈസൻസ് അനുവദിച്ചപ്പോൾ മേൽ പരാമർശിച്ച ചട്ടം പ്രകാരമുള്ള വനം വകുപ്പിന്റെ ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതാണ്.

1) ശ്രീ.സി.സി.ആന്റണി, ചെറുവത്തുർ (H) തൃശ്ശൂർ റോഡ്, കുന്നംകുളം എന്നവർക്ക്, IX / 327 നമ്പർ കെട്ടിടത്തിൽ 36 HP മോട്ടോർ ഉപയോഗിച്ച് സോ-മിൽ നടത്തുന്നതിന്.

2) ശ്രീ.V.R. വാസുദേവൻ നമ്പൂതിരി, വെൺമരത്തുർ മന, മരത്തംകോട് എന്നവർക്ക്, III/83 നമ്പർ കെട്ടിടത്തിൽ 50H.P.മോട്ടോർ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മാണം,വില്പന നടത്തുന്നതിന്.

3) ശ്രീ.V.R. വാസുദേവൻ നമ്പൂതിരി, വെൺമരത്തുർ മന, മരത്തംകോട് എന്നവർക്ക്,III/82 നമ്പർ കെട്ടിടത്തിൽ 25H.P.മോട്ടോർ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മാണം, വില്പന നടത്തുന്നതിന്.

4) ശ്രീ.എൻ.എ.സുലൈമാൻ, നാലകത്ത് വീട്, കണ്ടാണശ്ശേരി എന്നവർക്ക്, II/284 നമ്പർ കെട്ടിടത്തിൽ 32 HP മോട്ടോർ ഉപയോഗിച്ച് സോ-മിൽ നടത്തുന്നതിന്.

5) ശ്രീ.സുനിൽ.പി.എം. പറാട്ട് വീട്, അക്കികാവ് എന്നവർക്ക്, IV/267 നമ്പർ കെട്ടിടത്തിൽ 30 HP മോട്ടോർ ഉപയോഗിച്ച് സോ-മിൽ നടത്തുന്നതിന്

D&Oലൈസൻസ് അനുവദിക്കുമ്പോൾ ഇത്തരം സ്ഥാനപങ്ങൾ മേൽ പരാമർശിച്ച നിയമപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

E) പോൾട്രീ ഫാം നടപടി പാലിക്കാതെ ലൈസൻസ് നല്കി

ശ്രീ.രതീഷ് കുമാർ.പി.വി., പുതുരുത്തിവളപ്പിൽ, ചൊവ്വന്നൂർ, പന്തല്ലൂർ എന്നവർക്ക് 13-ാം വാർഡ് 264 നമ്പർ കെട്ടിടത്തിൽ മുട്ടക്കോഴി വളർത്തലിന് ഭദ്രാ എഗ്ഗർ നഴ്സറി എന്ന സ്ഥാപനം നടത്തുന്നതിനായി 112/2015-16 നമ്പരായി D&O ലൈസൻസ് അനുവദിച്ചിരിക്കുന്നു. എന്നാൽ ലൈസൻസ് അനുവദിച്ചപ്പോൾ 2012- ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ, ചട്ടം 6ലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 2-5 നിലം നികത്തൽ - പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ള അപേക്ഷകളിൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ അംഗീകാരം ആവശ്യമുള്ള കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകളിൻമേൽ ആയത് ഇല്ലാതെ തന്നെ പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ദാക്ഷായണി.കെ.കെ | 25.09.2013 ലെ | അന്നേ ദിവസം |

| | | |
|---|---|---|
| പറമ്പിൽ ഹൗസ് തണ്ടിലം | പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നല്കുന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് | കമ്മിറ്റി കൂടിയതായോ, ഈ അപേക്ഷയെപ്പറ്റി തീരുമാനങ്ങളോ നിലം നികത്തൽ കമ്മിറ്റി മിനിട്സിൽ ഇല്ല. |
| സിദ്ധീക്ക് പ്ലാക്കുട്ടിൽ വെള്ളിത്തിരുത്തി | 25.11.2014 ലെ പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നല്കുന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് | ,, |

മിനിട്സുകളിൽ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്തതിനും പെർമിറ്റ് ഫയലുകളിൽ രേഖകൾ സൂക്ഷിക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-6 വസ്തു നികുതി - ഒരു വ്യക്തിയുടെ ഒന്നിലധികം ഭവനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

സർക്കാർ ഉത്തരവ് (എം.എസ്)358/2015/16.12.2015 പ്രകാരം 60m$^2$ ന താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കുന്നത് ഉടമസ്ഥന്റെ പേരിലുള്ള സ്വന്തം താമസാവശ്യത്തിനുള്ള ഒരു കെട്ടിടത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ലിസ്റ്റിൽ ഒരു വ്യക്തിയുടെ ഒന്നിലധികം ഭവനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

ഉദാ:-

| വാർഡ് നം | പേര് | കെട്ടിട നം |
|---|---|---|
| 9 | ചാലക്കൽ തോമ മകൻ അഗസ്റ്റിൻ | 252 |
| | ,, | 253 |
| 9 | മണിയത്ര കുമാരൻ ഭാര്യ കല്യാണി | 90 |
| | ,, | 91 |
| 6 | ബാലൻ | 2 |

| | | |
|---|---|---|
| | s/o രാവുണ്ണി | |
| | ,, | 3 |
| 6 | അയ്യപ്പൻ മകൻ തോഞ്ചൻ<br>തെക്കേപ്പുരക്കൽ | 242 |
| | ,, | 244 |

താമസാവശ്യത്തിനുള്ള ഒരു കെട്ടിടത്തിന് മാത്രം നികുതി ഒഴിവാക്കി മറ്റുള്ളവക്ക് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഞ്ച് ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവർത്തികൾ

### ഇ-ടെണ്ടർ ചെയ്തത് -പഞ്ചായത്തിന് ലാഭകരം

2015-16 കാലഘട്ടത്തിൽ അഞ്ച് ലക്ഷത്തിനുമുകളിൽ എസ്റ്റിമേറ്റുള്ള അഞ്ച് മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ തുക (₹) | ടെണ്ടർ നിരക്ക് | ലാഭം (₹) |
|---|---|---|---|---|
| 1 | 141/16ചെമ്മണ്ണൂർ ഗ്രാമംറോഡ് | 8,00,000 | 20% കുറവ് | 1,64,000 |
| 2 | 30/16എച്ച്.എം.സി. റോഡ് മെറ്റലിംഗ് & ടാറിംഗ് | 6,30,678 | 15.50%കുറവ് | 97,755 |
| 3 | 39/16പഴുന്നാന സ്കൂൾ റോഡ് റീ-ടാറിംഗ് | 7,35,000 | 21.30%കുറവ് | 1,56,555 |
| 4 | 38/16ഏട്ടുമ്പുറം റോഡ് റീ ടാറിംഗ് | 7,35,000 | 21.30%കുറവ് | 1,56,555 |
| 5 | 35/16പന്തല്ലൂർ കൊട്ടുവായൂർ റോഡ് റീ ടാറിംഗ് | 5,15,000 | 20.80%കുറവ് | 1,07,120 |
| ആകെ | | | | 6,81,985 |

മേൽ പ്രകാരം കേവലം അഞ്ച് പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്തതുവഴി ₹6,81,985/- പഞ്ചായത്തിന് ലാഭിയ്ക്കാനായി. എന്നാൽ അഞ്ച് ലക്ഷത്തിന് താഴെയുള്ള പ്രവർത്തികളിൽ കരാറുകാർ തമ്മിലുള്ള മത്സരം നടക്കാത്തതിനാൽ എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ പരമാവധി പ്രവർത്തികൾ ഇ-ടെണ്ടർ നടത്തുന്നതിനും ഒരു പ്രവൃത്തി തന്നെ വെവ്വേറെ

റീച്ചുകളാക്കി ചെറിയ പ്രവർത്തികളായിചെയ്യുന്നത് ഒഴിവാക്കി മുഴുവനായും ഒറ്റ പ്രവൃത്തിയായി ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെയും,ഗുണനിലവാരം ഉറപ്പ് വരുത്താതെയും ജൈവവള വിതരണം -ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 11/15-16

പ്രോജക്ട് - സമഗ്ര പുരയിട കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

1) ബിൽ നമ്പർ - KVP 7/15-16 Dt.28/3/16,180000/-

2) ബിൽ നമ്പർ - KVP 8/15-16 Dt.28/3/16 ,5430/-

പാലക്കാട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി (ലിമിറ്റഡ്) എന്ന സ്ഥാപനത്തിൽ നിന്ന് ജൈവ വളം വാങ്ങി നല്കിയതിന് മേൽ ബിൽ നമ്പർ പ്രകാരം തുക നല്കിയിട്ടുണ്ട് . പ്രസ്തുത വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1)ഏത് തരം ജൈവ വളം, എത്ര അളവ്, ഏത് നിരക്കിൽ വിതരണം നടത്തി എന്ന് രേഖപ്പെടുത്തിയ മേൽ സ്ഥാപനത്തിന്റെ ബിൽ ലഭ്യമാക്കിയിട്ടില്ല.

2)നല്കിയ ജൈവ വളത്തിന്റെ ഗുണ നിലവാരം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) സമഗ്ര പുരയിട കൃഷി വികസനം പ്രോജക്ടിന്റെ ക്രമനമ്പർ 33 ൽ രണ്ടാം കോളത്തിൽ ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വളം വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി (ലിമിറ്റഡ്) എന്ന സ്ഥാപനത്തിൽനിന്ന് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

5) മേൽ വാങ്ങലുമായി ബന്ധപ്പെട്ട് പർച്ചേസ് കമ്മറ്റിയിൽ തീരുമാനം എടുത്തിട്ടില്ല, 29/7/15ലെ പഞ്ചായത്ത് കാർഷിക വികസന സമിതി യോഗത്തിൽ ആവണക്കിൻപിണ്ണാക്ക് വാങ്ങി നല്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് എവിടെനിന്ന് എപ്രകാരം വാങ്ങണമെന്ന് തീരുമാനമെടുത്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 10/2/2016ലെ തീരുമാനം നമ്പർ 16 പ്രകാരം മേൽ വാങ്ങൽ പ്രക്രിയയ്ക്കു അംഗീകാരവും നല്കികാണുന്നു. പർച്ചേസ് കമ്മറ്റി, പഞ്ചായത്ത് കാർഷിക വികസന സമിതി, പഞ്ചായത്ത് കമ്മിറ്റി എന്നിവയുടെ അംഗീകാരമില്ലാതെയും, ക്വട്ടേഷൻ /ടെണ്ടർ നടപടികൾ കൂടാതെയും, ഗുണനിലവാരം ഉറപ്പ് വരുത്താതെയും ജൈവവളം വിതരണം നടത്തിയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 185430/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 7/27.09.16).

## 3-3 ഇ.എം.എസ്. ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിപ്രവർത്തി ആരംഭിച്ചിട്ടില്ല നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഇ.എം.എസ്. ഭവന പദ്ധതിയിൻകീഴിൽ ആദ്യഗഡുവായ ₹22,500/-, 12-04-2012ന് കൈപ്പറ്റിയ ശ്രീ.അരുൺ, S/o. വാസു, മേഞ്ചേരി വീട് എന്നയാൾ നാളിതുവരെയായി പ്രവൃത്തി ആരംഭിക്കുകയോ, നല്കിയ തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഇക്കാര്യം അന്വേഷിച്ച് റവന്യൂ റിക്കവറി അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 വി.ഇ.ഒ (ചൊവ്വന്നൂർ )ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാത്ത തുക തിരികെ അടവാക്കാതെ സൂക്ഷിക്കുന്നു.

വി.ഇ.ഒ, ചൊവ്വന്നൂരിന്റെ എസ്.ബി.ഐ ചൊവ്വന്നൂർ ബ്രാഞ്ച് അക്കൗണ്ട് നമ്പർ 10531203082ൽ 25/6/15 വരെ ചെലവഴിക്കാത്ത 168491.65/- രൂപ നീക്കിയിരിപ്പുണ്ട്. ടി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മേൽ തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പ്രോജക്ട് നം. 133/16-സമഗ്ര കുടിവെള്ളപദ്ധതി-കുഴൽ കിണർ കുഴിച്ചു-തുടർ പദ്ധതികൾ നടപ്പാക്കിയില്ല

മേൽ പദ്ധതിക്കായി 11 കിണറുകൾക്കായി സ്ഥാന നിർണ്ണയം നടത്തുകയും 8 കിണറുകൾ കുഴിക്കുകയും ചെയ്തു. ഇതിൽ 4 കിണറുകളിൽ മാത്രമാണ് പമ്പ് സെറ്റ് സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചത്. മറ്റ് 4 കിണറുകൾക്കായി ചെലവഴിച്ച 191610/- രൂപ പാഴാവാതിരിക്കാനായി എത്രയും വേഗം തുടർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. പൂർത്തീകരിച്ചു എന്ന് പറയുന്ന ആലുംപറമ്പ് പദ്ധതി ഇനിയും പൂർത്തീകരിക്കുകയോ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും വിനിയോഗ വിവരം ലഭിക്കുകയോ ചെയ്തിട്ടില്ല. മേൽ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല.

താഴെ പറയുന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1. 10/7/15-ലെ തീരുമാനം നം.2

2010-11 വർഷത്തെ 'SC കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ"എന്ന പദ്ധതിക്കുവേണ്ടി KSEB Kunnamkulam section-ൽ 28/4/11 ൽ 1,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 21655/-രൂപയ്ക്കുള്ള എസ്റ്റിമേറ്റ് മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും ബാക്കി സ്ഥലങ്ങൾ കൂടി പുനർ നിർണ്ണയം ചെയ്ത് തരണമെന്നും ആവശ്യപ്പെട്ട് KSEB Kunnamkulam Electrical section Executive Engineer- 23/9/14-ൽ പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. ഇതിൻമേൽ 21655/- രൂപയ്ക്കുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് ബാക്കി 78345/-രൂപ എത്രയും വേഗം പഞ്ചായത്തിൽ തിരിച്ചടവാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

2. 22/6/15- തീരുമാനം നം 12(2).

ചൊവ്വന്നൂർ സാംസ്കാരിക നിലയത്തിൽ 14/2/14 മുതൽ മാവേലിസ്റ്റോർ പ്രവർത്തിച്ച് വരുന്നു. ആയതിന് 5 വർഷത്തെ വാടക ഒഴിവാക്കി നൽകിക്കൊണ്ട് സപ്ലൈക്കോയുമായി കരാറിൽ ഏർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ തീരുമാനങ്ങൾ എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ക്ഷേമ പെൻഷനുകൾ-അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | വർഷം | അപേക്ഷകളുടെ എണ്ണം | അന്വേഷണത്തിന് നൽകിയത് | തിരിച്ച് കിട്ടിയത് | തീർപ്പാക്കിയത് | തീർപ്പാക്കാൻ ബാക്കി |
|---|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 14-15 | 72 | 72 | 72 | 48 | 24 |
| | 15-16 | 160 | 160 | 137 | 93 | 67 |
| കർഷക തൊഴിലാളി പെൻഷൻ | 14-15 | 7 | 7 | 7 | 6 | 1 |
| | 15-16 | 6 | 6 | 6 | 4 | 2 |
| അവിവാഹിത പെൻഷൻ | 14-15 | 7 | 7 | 7 | 1 | 6 |
| | 15-16 | 3 | 3 | 3 | 2 | 1 |
| വികലാംഗ പെൻഷൻ | 14-15 | 8 | 8 | 8 | 8 | nil |
| | 15-16 | 6 | 6 | 3 | 3 | 3 |

1/16, 2/16 എന്നീ മാസങ്ങളിൽ ലഭിച്ച 23 അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥനായ VEOയ്ക്ക് 8/3/16-ൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെ അന്വേഷണം പൂർത്തിയാക്കി തിരിച്ച് ലഭിച്ചിട്ടില്ല. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ചെലവിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട താഴെചേർത്തിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് | ബിൽ നം,തുക | ഡിഡി നം | കൈപ്പറ്റിയ ഏജൻസി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| S101/16 – സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1/25.6.15---282561 | 237693/ 25.6.15 ---8450 | കെഎസ് ഇ ബി, കുന്നംകുളം | വിനിയോഗ രേഖകൾ |
| | | 237695/25.6.15--274111 | | |
| | 2/25.6.15 --176433 | 237694/25.6.15 | കെ എസ് ഇ ബി കുനംമൂച്ചി | |
| S106/16 – മാന്തോപ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം | 6/10.7.15 --310000 | 237942/ 14.7.15 | വാട്ടർ അതോറിറ്റി, തൃശ്ശൂർ | വിനിയോഗ രേഖകൾ |
| S001/16 –എസ് എസ് എ | 31/19.12.15--55820 | 463316/ 21.12.15 | പ്രോഗ്രാം കോർഡിനേറ്റർ ,എസ് എസ് എ | വിനിയോഗ രേഖകൾ |
| | 32/28.12.15–144180 | 463470/ 30.12.15 | | |
| S003/16 – പത്താംതരം തുല്യത | 48/30.3.16 -- 8000 | 467381/31.3.16 | സാക്ഷരതമിഷൻ | കൈപ്പറ്റ് രസീതി,പരീക്ഷ എഴുതിയതിന്റെ വിവരം |
| S002/16 – കംപ്യൂട്ടറുകൾക്ക് എ എം സി | 30/19.12.15--20545 | 463317/ 21.12.15 | കെൽട്രോൺ | കരാർ നൽകിയ കമ്പ്യൂട്ടറുകളുടെ വിവരം , ആയതിന്റെ രജിസ്റ്റർ |
| ആകെ | 997539 | | | |

മേൽരേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക 997539 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.9/26.09.2016)

## 3-9 വിനിയോഗ വിവരം / കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച താഴെ ചേർത്തിട്ടുള്ള തുകകളുടെ കൈപ്പറ്റ് രസീതി, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം | തുക | കൈപ്പറ്റിയ ഏജൻസി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 21500086/ 14.5.15 | 19399 | കെ.എസ്.ഇ.ബി, കുന്നംമൂച്ചി | വിനിയോഗ വിവരം , കൈപ്പറ്റ് രസീതി |
| 21500554/ 17.11.15 | 5000 | ഗവൺമെന്റ് സെർവന്റ്സ് കോപ്പറേറ്റീവ് സൊസൈറ്റി | കൈപ്പറ്റ് രസീതി |
| 21500703/ 15.1.16 | 2000 | കേരള ഫെഡറേഷൻ ഓഫ് ബ്ലൈന്റ് (സ.ഉ.നം.3952/2015/ തസ്വഭവ തി.31.12.15 പ്രകാരമുള്ള വിനിയോഗരേഖകൾ ഇല്ല.) | കൈപ്പറ്റ് രസീതി |
| ആകെ | 26399 | | |

മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 26399 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.10/26.09.2016)

## 3-10 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, യാത്രാബത്ത പ്രോജക്ട് നമ്പർ:13/2016

ഗ്രാമ പഞ്ചായത്ത് വിഹിതം ₹1,30,000/-യും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹65,000/-വീതം ഉൾപ്പെടെ, ₹2,60,000/ മൊത്തം അടങ്കലായി വെച്ച പദ്ധതിയിൽ 2015-16 വർഷത്തിൽ 27ഗുണഭോക്താക്കൾക്കായി, ₹1,30,000/- മാത്രമാണ് ചെലവഴിയിക്കുകയുണ്ടായത്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാത്തതിനാൽ, ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതിന്റെ പകുതിമാത്രമാണ് നല്കാനായത്. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിയ്ക്കുന്ന വിഭാഗത്തിന്റെ പഠനത്തിനായി ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി പൂർത്തികരിയ്ക്കാതിരിക്കുന്നത് അവരോടു ചെയ്യുന്ന നീതി നിഷേധമായി തന്നെ വിലയിരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള പദ്ധതികളുടെ അസൂത്രണവേളയിൽ തന്നെ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിൽ വകയിരുത്തിയ തുക ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-11 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.- തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | ഡി.ഡി. നം / ബിൽ നം/ വൗച്ചർ നം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 126/16, സ്കൂളുകൾക്ക് മൂത്രപ്പുര | ഡി.ഡി. നം 463757/ 04.01.16 | 27440 | നിർമ്മിതി കേന്ദ്രം |
| അംഗൻവാടി അറ്റകുറ്റപ്പണി | ഡി.ഡി. നം 463739/ 04.01.16 | 29400 | നിർമ്മിതി കേന്ദ്രം |
| സമഗ്ര കുടിവെള്ള പദ്ധതി | ബിൽ നം 1/15-16, 22.06.2015 | 551600 | ഭൂജല വകുപ്പ് , 437865 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | ബിൽ നം 53/15-16, | 52504 | |
| | ബിൽ നം 59/15-16, 22.03.2016 | 1948400 | |
| | വൗച്ചർ നം 21500925/21.05.15 | 2,40,000 | |
| | വൗച്ചർ നം 21500926/21.03.16 | 23,466 | |
| | | 2792304 | |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ഡെപ്പോസിറ്റ് തുക 494705 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 24,00,000 | സമഗ്ര കുടിവെള്ള പദ്ധതി | 24,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 50,000 | ആശ്രയ | 0 | 50,000 (ലാപ്സായി) |
| | | 1900 | പെയിൻ & പാലിയേറ്റീവ് | 1900 | 0 |

14-15 വർഷം ആശ്രയ പദ്ധതിക്കായി ലഭ്യമായ 50000 ചെലവഴിക്കാത്തതിനാൽ (വികസനഫണ്ടിൽ നിക്ഷേപിച്ചതിനാൽ) ലാപ്സായിട്ടുണ്ട്.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം/ പേര് | വൗച്ചർ നം/ ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| നിർമ്മിതി കേന്ദ്രം | സ്കൂളുകൾക്ക് മൂത്രപ്പുര | 9/15-16 (അസിസ്റ്റന്റ് എഞ്ചിനീയർ) | 28,000 | 0 | 28,000 |
| നിർമ്മിതി കേന്ദ്രം | അംഗൻവാടി അറ്റകുറ്റപ്പണി | 10/15-16 (അസിസ്റ്റന്റ് എഞ്ചിനീയർ) | 30,000 | 0 | 30,000 |
| ഭൂജല വകുപ്പ് | സമഗ്ര കുടിവെള്ള പദ്ധതി | 1/15-16, 22.06.2015 – 551600/- (അസിസ്റ്റന്റ് എഞ്ചിനീയർ) | 2792304 | 2354439 | 437865 |
| | | 53/15-16, 52504/- „ | | | |
| | | 59/15-16, 22.03.2016 – 1948400/- „ | | | |
| | | 21500925/21.05.15 2,40,000 „ | | | |
| | | 21500926/21.03.16 | | | |

| | | | | | |
|---|---|---|---|---|---|
| | | 23,466 „ | | | |
| ഭൂജല വകുപ്പ് | എൻ.സി.പി.സി. കുടിവെള്ള പദ്ധതി, മോട്ടോർ വാങ്ങലും സ്ഥാപിക്കലും | 6/15-16 (അസിസ്റ്റന്റ് എഞ്ചിനീയർ) | 96950 | 96950 | 0 |
| ഭൂജല വകുപ്പ് | പുതുശ്ശേരി കുടിവെള്ള പദ്ധതി | 18/15-16, (അസിസ്റ്റന്റ് എഞ്ചിനീയർ) | 23,560 | 23,560 | 0 |
| കെ.എസ്.ഇ.ബി കുന്നംകുളം | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1/15-16, 25.06.2015 (സെക്രട്ടറി) | 282561 | 0 | 282561 |
| വാട്ടർ അതോറിറ്റി | മാന്തോപ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 6/15-16, 10.07.2015 (സെക്രട്ടറി) | 237942 | 0 | 237942 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1697/2011/ 15.07.2011 | 36,97,500 | 20,10,000 | 5,62,500 | 0 | 14,47,500 |

2014-15 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 18,15,000/- രൂപയാണ് വായ്പ തിരിച്ചടവാക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത്. 2014-15 വർഷത്തെ വാർഷിക കണക്കിൽ ആ വർഷം എടുത്ത വായ്പ തുക 1,95,000/- രൂപ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിനു കാരണം. 2015-16 വർഷം

അപാകത പരിഹരിച്ചിട്ടുണ്ട്

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 25806051 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37600119 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1704073 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 185430 | എൻ.കെ. സരസ്വതി, കൃഷി ഓഫീസർ |
| 3-8 | 997539 | 768994 – ഉല്ലാസ് കുമാർ.കെ. എ. – അസിസ്റ്റന്റ് സെക്രട്ടറി<br>228545 – വി.ആന്റണി – സെക്രട്ടറി |

| | | |
|---|---|---|
| | | |
| 3-9 | 26399 | 19399 – ജോബ് രാജ് –സെക്രട്ടറി<br>7000 – വി.ആന്റണി – സെക്രട്ടറി |
| 3-11 | 494705 | ജ്യോതിരാജ്. പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1704073 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ . എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)- 785/11/ 20.07.11 |
| 1980-81 | എൽ.എഫ്.ടി (എസ്2)- 785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ |

| | |
|---|---|
| | 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)- 785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ)/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000,2000-01. 2001-02(പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |

| | |
|---|---|
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82മുതൽ 92-93 &93-94 വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി. (പി9)/258 /15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി9)916/2016 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി9)1731/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ: 680 020

തിയ്യതി: 18.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

AUDIT CERTIFICATE

No.KSA-TSR(P9)1731/16

Office of the JointDirector of
Kerala State Audit Department,
District Audit Office,
Thrissur-680 020

Dated 18.11.2016

Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Chovvannoor Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chovvannoor Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and

expenditure.

Deputy Director

District Audit Office,

Thrissur.